

## തിയഡോർ റൊസ്സാക്ക്

# മനഃശാസ്ത്രത്തിന്റെ പാരിസ്ഥിതികമാനങ്ങൾ

ഫ്രോയിഡിന്റെ വ്യക്തികേന്ദ്രിത മനോവിശകലനത്തിന് എതിരായി സമൂഹത്തിന്റെ ഭ്രാന്തിന്റെ കാരണങ്ങളാണ് തിയോഡർ റൊസ്സാക്കിന്റെ പാരിസ്ഥിതിക മനഃശാസ്ത്രം അന്വേഷിക്കുന്നത്

■ ഫാ. ഡോ. കെ.എം. ജോർജ്ജ്

അമേരിക്കയിലും പാശ്ചാത്യ ലോകത്ത് പൊതുവെയും അറിയപ്പെടുന്ന സാംസ്കാരിക വിമർശകനും ചരിത്രകാരനുമാണ് തിയഡോർ റൊസ്സാക്ക്. 1960-കളിൽ പശ്ചിമ യൂറോപ്പിലും അമേരിക്കയിലുമുണ്ടായ വൻ സാംസ്കാരികമാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് 'Making of a Counter Culture' എന്ന പുസ്തകം 1968-ൽ റൊസ്സാക്ക് പ്രസിദ്ധീകരിച്ചത്. അദ്ദേഹത്തെ പ്രശസ്തനാക്കിയതും അതാണ്. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, ബ്രിട്ടീഷ് കൊളംബിയ യൂണിവേഴ്സിറ്റി, കാലിഫോർണിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി തുടങ്ങിയ സർവ്വകലാശാലകളിൽ പഠിപ്പിച്ചിരുന്ന റൊസ്സാക്കിന്റെ മറ്റ് ചില പ്രമുഖ പുസ്തകങ്ങളാണ് 'Where the Wasteland Ends', 'The Gendered Atom' എന്നിവ. ശ്രദ്ധേയമായ ചില നോവലുകളും രചിച്ചിട്ടുണ്ട്.

റൊസ്സാക്കിന്റെ ഇക്കോ സൈക്കോളജി അഥവാ പാരിസ്ഥിതിക മനഃശാസ്ത്രം എന്ന ആശയം ഉരുത്തിരിയുന്നത് സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ

കലനത്തെ വിമർശിച്ചുകൊണ്ടാണ്. ഫ്രോയിഡിന്റെ മനഃശാസ്ത്രത്തിൽ മനുഷ്യമനസ്സിന് മൂന്നു പ്രധാന തലങ്ങളാണല്ലോ കൽപ്പിച്ചത് - ഇഡ്, ഈഗോ, സൂപ്പർ ഈഗോ.

ലത്തീൻ ഭാഷയിൽ Id എന്ന വാക്കിന് ഇംഗ്ലീഷിൽ It എന്നർത്ഥം. അത് മനുഷ്യന്റെ അബോധമണ്ഡലമാണ്. ഗ്രീക്കിൽ 'ഞാൻ' എന്നർത്ഥമുള്ള Ego ബോധമനസ്സാണ്. സൂപ്പർഈഗോ എല്ലാ സദാചാരവ്യവസ്ഥയുടെയും മനസ്സാക്ഷിസൂക്ഷിപ്പുകാരനായി സെൻസർബോർഡ് കണക്കെ പ്രവർത്തിക്കുന്നു. ഇവയിൽ അബോധമനസ്സാണ് സൈക്കോ അനാലിസിസിന്റെ മുഖ്യവ്യവഹാര മണ്ഡലം- അതിസങ്കീർണ്ണവും തമോജടിലവുമായ പ്രാക്തനമനസ്സ്.

നൂറ്റിപ്പത്ത് വർഷങ്ങൾക്കു മുൻപാണ് സിഗ്മണ്ട് ഫ്രോയിഡ് "അനുദിന ജീവിതത്തിലെ മനോരോഗാവസ്ഥ (The Psychopathology of Everyday Life) എന്ന വിഷയത്തെക്കുറിച്ച് പ്രസിദ്ധമായ പ്രഭാഷണങ്ങൾ വിയന്നായിൽ നടത്തിയത്. സൈക്കോ അനാലിസിസ് എന്ന മനോവിശകലനവിദ്യയുടെ പ്രാരംഭ കാലഘട്ടമാണത്. മനുഷ്യമനസ്സിന്റെ അബോധതലത്തിലുള്ള ലൈംഗികവാസനയും ആക്രമണവാസനയും എങ്ങിനെ അനുദിനജീവിതത്തിൽ രൂപം മാറി മനോരോഗലക്ഷണങ്ങളായി പ്രത്യക്ഷപ്പെടുന്നു എന്നതിനെക്കുറിച്ച് ഉദാഹരണസഹിതം ഫ്രോയിഡ് വിശദീകരിച്ചു. ഫ്രോയിഡിന്റെ മനോവിശകലനം ഒരു വ്യക്തിയുടെ മനസ്സിന്റെ വിവിധതലങ്ങളിലും വ്യക്തികൾ തമ്മിലുള്ള അനുഭവങ്ങളിലും ബന്ധങ്ങളിലും ഒതുങ്ങിനിന്നു.

### അബോധത്തിന്റെ വിശാലഭൂമിക

തിയഡോർ റൊസ്സാക്ക് 'ഇക്കോ സൈക്കോളജി' എന്ന പുതിയ വിചാരമണ്ഡലത്തെക്കുറിച്ച് ചർച്ചകൾ ആരംഭിക്കുന്നത് ഈ പഴയ സംഭവം ഓർത്തുകൊണ്ടാണ്. ഇന്നായിരുന്നു അങ്ങനെയൊരു പ്രഭാഷണപരമ്പര നടത്തുന്നതെങ്കിൽ, അനുദിന ജീവിതത്തിലെ മനോരോഗലക്ഷണങ്ങളായി ഉദ്ധരിക്കേണ്ടിവരുന്നത് പാരിസ്ഥിതിക ദുരന്തങ്ങളായിരിക്കും. ഓസോൺ പാളിയിലെ വിള്ളലും ആഗോളതാപനവും വിഷവാതകങ്ങളുണ്ടാക്കുന്ന മലിനീകരണവും എന്നാണ് റൊസ്സാക്കിന്റെ പക്ഷം. ജപ്പാനിൽ തകർന്നുപോയ ന്യൂക്ലിയർ റിയാക്ടറിൽനിന്ന് പാലിലും പച്ചക്കറിയിലും, വായുവിലും, വെള്ളത്തിലുമുള്ള മാരകമായ റേഡിയേഷൻ എത്രയെത്ര തലമുറകൾക്കാണ് ഇനി മനസ്സിന്റെ താളം തെറ്റിക്കുന്നത്. ഇന്ന് ഇവയൊക്കെ നമ്മുടെ അനുദിന ജീവിതത്തിലെ മനോവിഭ്രാന്തി സൃഷ്ടിക്കുന്ന ഘടകങ്ങളായി മാറി. അതുകൊണ്ട് മനോരോഗങ്ങളുടെ മൂലകാരണം, ഫ്രോയിഡ് ചെയ്തതുപോലെ മനുഷ്യ വ്യക്തിയുടെ മനസ്സിന്റെ അബോധതലത്തിൽ മാത്രമായി ഒതുക്കരുത്; പരിസ്ഥിതിയുടെ അബോധമണ്ഡലം (Ecological Unconscious) എന്ന് റൊസ്സാക്ക് വിശേഷിപ്പിക്കുന്ന ആഴമേറിയ തലത്തിൽ തുടങ്ങണം എന്നാണ് അദ്ദേഹത്തിന്റെ വാദം. ഫ്രോ




യിഡിന്റെ മനോവിശ്ലേഷണമനുസരിച്ച്, മനുഷ്യന്റെ അബോധതലത്തിൽ അടിച്ചമർത്തപ്പെട്ട ആഗ്രഹങ്ങളും സഹജവാസനകളും ചികഞ്ഞെടുത്ത് ബോധമണ്ഡലത്തിൽ അവയെ രോഗി തിരിച്ചറിയുന്നത് മനോരോഗ ചികിത്സയുടെ വിജയത്തിനാവശ്യമാണ്. വ്യക്തി മനോവിഭ്രാന്തിയിൽനിന്ന് സുഖം പ്രാപിക്കുന്ന പ്രക്രിയ അവിടെ തുടങ്ങുന്നു. അതുപോലെ, പ്രകൃതിയുമായുള്ള നമ്മുടെ പുരാതനമായ സഹജബന്ധങ്ങളെ ആധുനിക വ്യാവസായിക-സാങ്കേതിക സംസ്കാരം മറക്കുകയോ അടിച്ചമർത്തുകയോ നിഷേധിക്കുകയോ ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി നമ്മെ ബാധിച്ചിരിക്കുന്ന ഒരുതരം സമൂഹഭ്രാന്തുണ്ട്. അതിൽനിന്ന് മോചനം ലഭിക്കണമെങ്കിൽ, പാരിസ്ഥിതികമായ അബോധമണ്ഡലത്തിലേക്ക് (Ecological Unconscious) നമുക്ക് ഉൾക്കാഴ്ച ലഭിക്കണം. ഈ അഗാധബോധത്തെ അവഗണിച്ചും അടിച്ചമർത്തിയും നാം ഇപ്പോൾ കരുപ്പിടിപ്പിച്ചിരിക്കുന്ന നമ്മുടെ ആധുനിക നാഗരിക-വ്യാവസായിക സംസ്കാരം ഭ്രാന്തിന്റെ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയിരിക്കുന്നു. ആ ഭ്രാന്ത് മാറ്റാൻ നമ്മുടെ പാരിസ്ഥിതിക വേരുകളെ നാം തിരിച്ചറിയണം. ചുരുക്കത്തിൽ, ആധുനിക മനഃശാസ്ത്രം അതിന്റെ ആത്മാവിനെ അന്വേഷിച്ച് കണ്ടെത്തണം എന്നതാണ് ഇക്കോസൈക്കോളജിയുടെ മുഖ്യവാദം.

1960-കളിൽ പാശ്ചാത്യ രാജ്യങ്ങളിൽ ഉയർന്നുവന്ന വിദ്യാർത്ഥി പ്രക്ഷോഭണങ്ങൾ, വനിതാ വിമോചന പ്രസ്ഥാനം, പാരിസ്ഥിതിക പ്രസ്ഥാനം എന്നിവയെല്ലാം മനുഷ്യബോധത്തിന്റെ ചരിത്രത്തിൽ മുൻപൊരിക്കലും ഉണ്ടാകാത്ത സമൂല വിപ്ലവം സൃഷ്ടിച്ചു. പാശ്ചാത്യ സംസ്കാരത്തിന്റെ ഉള്ളിൽനിന്ന് തന്നെ മൗലികമായ വിമർശനങ്ങൾ ഉയർന്നു. അതുവരെ സുഭദ്രവും അനുപേക്ഷണീയവുമായി കരുതിയിരുന്ന വീക്ഷണങ്ങളും ധാരണകളും തകർന്നുതുടങ്ങി. ശാസ്ത്രത്തിലും ദർശനത്തിലും സാഹിത്യത്തിലും കലയിലും സാമൂഹിക മനസ്സിലും എല്ലാം പ്രതിഫലിച്ച ഈ മാറ്റങ്ങളുടെ പ്രവാചകന്മാരും വ്യാഖ്യാതാക്കളുമായി പ്രത്യക്ഷപ്പെട്ടവരുടെ കൂട്ടത്തിലാണ് റൊസ്സാക്കിന്റെ സ്ഥാനം.

ചരിത്രകാരനായ തിയഡോർ റൊസ്സാക്ക് മനുഷ്യബോധത്തിന്റെ ചരിത്രത്തെക്കുറിച്ച് വളരെ ബോധവാനാണ്. അതുകൊണ്ട് തന്റെ വിമർശനപദ്ധതി സംസ്കാരത്തെ കരുപ്പിടിപ്പിക്കുന്ന സമസ്തമേഖലകളെയും സ്പർശിക്കുന്നു. തകർന്നു തുടങ്ങിയിരിക്കുന്ന പാശ്ചാത്യസംസ്കാരത്തിൽ പുതിയ ബോധത്തിന്റെ നീർച്ചാലുകൾ കണ്ടെത്താനാണ് അദ്ദേഹത്തിന്റെ ശ്രമം. 'പ്രതിസംസ്കാരം' എന്ന് നാം ഇന്ന് സാധാരണ ഉപയോഗിക്കുന്ന പദത്തിന് ആധാരമായ കൗണ്ടർ കൾച്ചർ എന്ന പ്രയോഗം പ്രചരിപ്പിച്ചത് റൊസ്സാക്ക് ആണ്.

സമീപകാലകൃതിയായ 'The Voice

of the Earth' എന്ന കൃതിയിലാണ് ഇക്കോസൈക്കോളജിയെക്കുറിച്ചുള്ള ദാർശനിക പരികൽപ്പനകൾ അദ്ദേഹം അവതരിപ്പിക്കുന്നത്.

## ഫ്രോയിഡിന്റെ പരിമിതി

ഒരു നൂറ്റാണ്ടിന്റെ മുഴുവൻ മനോവിജ്ഞാനീയത്തെയും നിർണ്ണായകമായി സ്വാധീനിച്ച ഫ്രോയിഡിയൻ മനഃശാസ്ത്രത്തിന്റെ പ്രധാന പരിമിതിയായി റൊസ്സാക്ക് കാണുന്നത് മനുഷ്യനെ പ്രകൃതിയിൽനിന്ന് വേർതിരിച്ച് നിർത്തിയുള്ള മനോവിശ്ലേഷണമാണ്. സിഗ്മണ്ട് ഫ്രോയിഡ് ശരിക്കും ഒരു നഗരവാസിയായിരുന്നു. യൂറോപ്പിലെ ഏറ്റം പ്രശസ്തമായ നഗരങ്ങളിലൊന്നാണ് ഫ്രോയിഡിന്റെ ജീവിത പശ്ചാത്തലമൊരുക്കിയ വിയന്നാനഗരം.

18-ാം നൂറ്റാണ്ടു മുതൽ പ്രബലമായിത്തുടങ്ങിയ ശാസ്ത്രീയ വ്യാവസായിക സംസ്കാരത്തിന്റെ പ്രധാന സ്വഭാവങ്ങളിലൊന്ന് മനുഷ്യനും മനുഷ്യേതരമായ പ്രകൃതിയും തമ്മിലുള്ള വ്യതിരിക്തതയും ദ്വന്ദഭാവവുമാണ്. മനുഷ്യൻ 'പ്രകൃതിയുടെ യജമാനനും ഉടമസ്ഥനും' ആവണം എന്ന ആശയം റെനെ ദെക്കാർത്ത് 17-ാം നൂറ്റാണ്ടിൽ പറഞ്ഞുറപ്പിച്ചത് പാശ്ചാത്യ സെക്കുലർ ഹ്യൂമനിസത്തിൽ അതിശക്തമായിത്തീർന്നു. പ്രകൃതിയെയും മനുഷ്യേതരമായ സകല ജീവജാലങ്ങളെയും മനുഷ്യന്റെ ശാസ്ത്രീയ വിശകലനത്തിനും നിരീക്ഷണത്തിനും കൈകാര്യത്തിനും പൂർണ്ണമായും വിധേയമായ വസ്തുവായി കണ്ടു. ഭൂതലം മുഴുവൻ കൊളോണിയൽ പ്രസ്ഥാനത്തിലൂടെ ഒരു വംശത്തിന്റെ–വെള്ളക്കാരുടെ വംശത്തിന്റെ–ഉടമസ്ഥതയിലാക്കി. ഇതിന്റെയെല്ലാം അന്തർധാരയായി വർത്തിച്ചത് മനുഷ്യമനസ്സും ശരീരവും രണ്ടും രണ്ടാണെന്ന ദ്വന്ദചിന്തയാണ്. ഈ ചിന്ത മനഷ്യമനസ്സിനെയും ദ്രവ്യപ്രപഞ്ചത്തെയും വേർപിരിച്ചു. മനുഷ്യനെയും മനുഷ്യേതരമായ സർവ്വത്തെയും തമ്മിൽ വിഘടിപ്പിച്ചു. ഈ ദ്വൈതഭാവം ഫ്രോയിഡിയൻ മനഃശാസ്ത്രത്തെയും പിന്നീടു പാശ്ചാത്യ സംസ്കാരത്തിലുണ്ടായ മിക്ക മനഃശാസ്ത്ര സിദ്ധാന്തങ്ങളെയും നിർണ്ണായകമായി സ്വാധീനിച്ചു എന്നാണ് റൊസ്സാക്കിന്റെ നിലപാട്.

ഫ്രോയിഡിന്റെ മനോവിശകലനവും മനോരോഗ ചികിത്സയും ബൂർഷ്വാ തലത്തിൽ, അതായത് നഗരവാസികളായ മിഡിൽ ക്ലാസ്സ് വർഗ്ഗത്തിന്റെ തലത്തിലുള്ളതാണെന്ന ആരോപണം മറ്റു ചിലരും ഉന്നയിച്ചിട്ടുണ്ട്. (ബൂർഷ്വാ എന്ന ഫ്രഞ്ചുവാക്കിനർത്ഥം നഗരവാസി എന്നാണല്ലോ. പുരിയിൽ വസിക്കുന്നവൻ, പൗരൻ എന്ന അർത്ഥമാകാം). അബോധമനസ്സിന്റെ ആഴമായ പാരിസ്ഥിതികവേരുകളെക്കുറിച്ച് ഫ്രോയിഡിന് കാര്യമായ അവബോധമില്ലായിരുന്നു. അദ്ദേഹത്തിന്റെ പിൽക്കാല ചിന്തയിൽ അൽപ്പമൊക്കെ അതു വരുന്നുണ്ടെങ്കിലും അപ്പോഴേക്കും മനോവിശ്ലേഷണവിദ്യ ഫ്രോയിഡിന്റെ നിയന്ത്രണത്തിൽനിന്നും വിട്ടുപോയിരുന്നു.

ഫ്രോയിഡിന്റെ പ്രശസ്ത ശിഷ്യനായ കാൾയുങ് ഗുരുവുമായി തെറ്റിപ്പിരിഞ്ഞു. യുങ് ഗ്രാമീണാന്തരീക്ഷത്തിൽ ജീവിച്ചയാളും പൂക്കളെയും മൃഗങ്ങളെയും പക്ഷികളെയും കാൽപ്പനികമായിട്ടാണെങ്കിലും തന്റെ ചിന്താപ്രപഞ്ചത്തിൽ ഉൾക്കൊള്ളിച്ചിരുന്ന വ്യക്തിയുമായിരുന്നു. സാമൂഹിക സഞ്ചിതമായ അബോധമണ്ഡലം (Collective Unconscious) എന്ന ആശയം വാസ്തവത്തിൽ പാരിസ്ഥിതികമായ വേരുകളിലേക്ക് നയിക്കാൻ പ്രാപ്തമായിരുന്നു. പക്ഷേ, കാൾ യുങും ആ കാലഘട്ടത്തിലെ പ്രബലമായ ശാസ്ത്രീയ–വ്യാവസായിക മനുഷ്യദർശനത്തിന് വഴങ്ങി എന്നാണ് റൊസ്സാക്ക് പറയുന്നത്.

ഇവിടെയാണ് സാമൂഹിക ഭ്രാന്തിന്റെയും സമൂഹമനസ്സിന്റെ ആരോഗ്യത്തിന്റെയും പ്രശ്നമുദിക്കുന്നത്. Sanity എന്നവാക്കിന് ആരോഗ്യം, പ്രത്യേകിച്ചും മാനസികാരോഗ്യം എന്നർത്ഥമാണ്. Insanity എന്നു പറഞ്ഞാൽ ഇംഗ്ലീഷിൽ ഭ്രാന്ത് എന്നുതന്നെ. മനഃശാസ്ത്രത്തിന്റെ പ്രത്യേകിച്ചും മനോവിശ്ലേഷണവിദ്യയുടെ ലക്ഷ്യം മനുഷ്യന്റെ മനസ്സിന്റെ ആരോഗ്യമാണ്. "ആരോഗ്യം അതിന്റെ ഏറ്റവും ആഴമായ തലത്തിൽ ആത്മാവിന്റെ ആരോഗ്യമാണ്" എന്ന് റൊസ്സാക്ക് പറയുന്നു. ഈ അർത്ഥത്തിൽ "മനഃശാസ്ത്രം, ഏത് സാങ്കേതികരീതി അനുവർത്തിച്ചാലും അതിന്റെ ഉൾക്കാമ്പിൽ അതൊരു ദാർശനികാന്വേഷണം കൂടിയാണ്. നമ്മുടെ ധാർമ്മിക ജീവിതത്തിന്റെയും നൈതിക ലക്ഷ്യത്തിന്റെയും ജീവിതത്തിന്റെ അർത്ഥത്തിന്റെയും വിമർശനപൂർവ്വമായ ഒരു പരിശോധനയാണത്. എല്ലാ പ്രമുഖ മതചിന്തകളും ദാർശനിക വ്യവസ്ഥകളും അന്തിമമായി ഒരു മനഃശാസ്ത്രധാരണയിലാണ് വേരൂന്നിയത്. ആത്മാവിന്റെ മുറിവുണക്കാനും അതിനെ മോക്ഷത്തിലേക്ക് നയിക്കാനുമാണ് അവ ശ്രമിക്കുന്നത്".

## മനസ്സിന്റെ 'ശാസ്ത്രം'

പക്ഷേ, ആധുനിക മനഃശാസ്ത്രം ബോധപൂർവ്വം മതത്തോടും ദർശനത്തോടുമുള്ള അതിന്റെ പൗരാണിക ബന്ധത്തെ തള്ളിപ്പറഞ്ഞു. മാനവിക ശാസ്ത്രവിഷയങ്ങളായ ഇക്കണോമിക്സ്, രാഷ്ട്രമീമാംസ, സോഷ്യോളജി തുടങ്ങിയവയെപ്പോലെ ഒരു ശാസ്ത്രമാകാനാണ് മനഃശാസ്ത്രവും ഉദ്യമിച്ചത്. ശാസ്ത്രത്തിന്റെ കൃത്യത കൈവരിക്കുന്ന ഒരു മനോപഠനമാണ് ഫ്രോയിഡും വളരെ ആഗ്രഹിച്ചതെങ്കിലും ഭാഗ്യവശാൽ അദ്ദേഹം അതിൽ പരാജയപ്പെട്ടത് നമ്മുടെ ഭാഗ്യമാണെന്ന് റൊസ്സാക്ക് കരുതുന്നു. അതുകൊണ്ടാണ് ഫ്രോയിഡിയൻ ചിന്തകൾക്ക് സാഹിത്യത്തിലും കലകളിലും ഫിലോസഫിയിലും ഇത്ര വലിയ അനുരണനങ്ങളുണ്ടായത്. മനുഷ്യമനസ്സിലെ ഇരുളടഞ്ഞ ഗുഹകളും നിഗൂഢമായ സ്വപ്നങ്ങളും ഫാന്റസികളും ആൾമാറാട്ടം നടത്തുന്ന അഭിനിവേശങ്ങളും ഒന്നും ശാസ്ത്രയുക്തിയുടെ ഉജ്ജ്വല പ്രകാശത്തിൽപോലും വെളിപ്പെടുകയില്ല എന്ന് ഫ്രോയിഡിന് ഉൾബോധം ഉണ്ടായിരുന്നു. എങ്കിലും അക്കാദമികളിലെ ശാസ്ത്രീയ സംസ്കാരത്തിന്റെ മുതൽപ്പിടിക്കാരെ ബോധിപ്പിച്ച് മനുഷ്യമനസ്സിനെക്കുറിച്ചുള്ള അന്വേഷണങ്ങളെ മനഃശാസ്ത്രമാക്കി മാറ്റാൻ അദ്ദേഹത്തിനും താല്പര്യമുണ്ടായിരുന്നു എന്നുമാത്രം.

മനുഷ്യമനസ്സിനെക്കുറിച്ചുള്ള പഠനത്തിൽ ഫ്രോയിഡിനെ സ്വാഭാവികമായും സ്വാധീനിച്ചത് അന്ന് നിലവിലിരുന്ന മനുഷ്യശരീരത്തെക്കുറിച്ചുള്ള 'ബയോ–മെഡിക്കൽ മാതൃക' ആയിരുന്നുവെന്ന് റൊസ്സാക്ക് പറയുന്നു. യന്ത്രങ്ങൾ വികസിച്ചുതുടങ്ങിയ 17, 18 നൂറ്റാണ്ടുകളിൽ തുടങ്ങി മനുഷ്യശരീരത്തെ യാന്ത്രികമായി കാണാനാണ് പാശ്ചാത്യർ ശ്രമിച്ചത്. അന്നത്തെ അനാട്ടമി ചിത്രങ്ങൾ വെളിപ്പെടുത്തുന്നത് മനുഷ്യാവയവങ്ങളെ യന്ത്രഭാഗങ്ങളായി കാണുന്ന രീതിയാണ്. ശരീരം മുഴുവൻ ശാസ്ത്രയുക്തിയുടെ യാന്ത്രിക സങ്കൽപ്പത്തിനും പരിശോധനയ്ക്കും വഴങ്ങു

ന്നതിനെയാണ് ബയോമെഡിക്കൽ മാതൃകം എന്നു റൊസ്സാക്ക് വിശേഷിപ്പിക്കുന്നത്. ഇതേ യാന്ത്രിക മാതൃകയിൽ മനസ്സിനെ ഫ്രോയിഡും പിന്നീടു വന്ന മിക്ക മനഃശാസ്ത്രജ്ഞരും നോക്കിക്കണ്ടു എന്നാണ് റൊസ്സാക്കിന്റെ വിമർശനം. മനുഷ്യമനസ്സിന്റെ പുറമേ അറിയപ്പെടുന്ന ബോധതലത്തിനുള്ളിൽ നിഗൂഢവും അനിർവചനീയവുമായ മടക്കുകളും മാനങ്ങളും ഉണ്ടെന്ന ചിന്ത സമുന്നതരായ പുരാതന ചിന്തകർക്ക് എന്നുമുണ്ടായിരുന്നു. അതിനെയാണ് പുതിയ മനഃശാസ്ത്രം തിരുത്തിയത്. കൃത്യതയുള്ള നാച്ചുറൽ സയൻസിനോടു തോളുരുമ്മാനുള്ള ഈ ശ്രമത്തിൽ മനസ്സിന്റെ അതീന്ദ്രിയ മാനങ്ങൾ ഗൗരവമായി അവഗണിക്കപ്പെട്ടു. ഇങ്ങനെയൊക്കെയാണെങ്കിലും വസ്തുനിഷ്ഠമായ ശാസ്ത്രീയശൈലിക്ക് ഒരിക്കലും വഴങ്ങാത്ത സ്വപ്നങ്ങൾ, ഓർമ്മകൾ, ജീവചരിത്രപരമായ വിവരങ്ങൾ തുടങ്ങിയ ആത്മനിഷ്ഠമായ സംഗതികളെയാണ് ഫ്രോയിഡ് തന്റെ മനോവിശകലനത്തിൽ ആശ്രയിക്കേണ്ടിവന്നത്.

മനുഷ്യരുടെ ആത്മനിഷ്ഠമായ അനുഭവങ്ങളെയും അപരന് അപ്രാപ്യമായ അബോധമണ്ഡലത്തെയും കൈമുതലാക്കി നടത്തുന്ന മനോവിശ്ലേഷണ വിദ്യയ്ക്ക് അതുകൊണ്ടുതന്നെ അതീന്ദ്രിയവും ആദ്ധ്യാത്മികവുമായ ഒരു ഭാവം കൈവരുന്നു എന്ന് റൊസ്സാക്ക് അഭിപ്രായപ്പെടുന്നു. കാൾ യുങ്ങിന്റെ ചിന്തയിൽ ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്. Collective Unconscious എന്ന സങ്കല്പത്തിലൂടെ മനുഷ്യവ്യക്തിത്വത്തിന്റെ അതീന്ദ്രിയ തലങ്ങളിലേക്ക് വിരൽ ചൂണ്ടാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഫ്രോയിഡിന്റെ ഭൗതികവാദ നിലപാടിനെതിരെ നിലകൊള്ളുന്ന ആദ്ധ്യാത്മികമാനം യുങ്ങിനുണ്ട്. എങ്കിലും ആത്യന്തികമായി യുങ്ങും, മനസ്സിനെയും ദ്രവ്യത്തെയും വെവ്വേറെ കാണുന്ന പഴയ യൂറോപ്യൻ ദ്വൈതസങ്കല്പത്തിൽത്തന്നെ നങ്കൂരമിടുന്നു എന്നാണ് റൊസ്സാക്കിന്റെ ആരോപണം.

## ഭ്രാന്തുപിടിച്ച ചങ്ങല

ഫ്രോയിഡിന്റെ മനഃശാസ്ത്രത്തിൽ സുപ്രധാനമാണ് യാഥാർത്ഥ്യ തത്ത്വം, സുഖതത്ത്വം (Reality Principle, Pleasure Principle) എന്നീ രണ്ടു തത്ത്വങ്ങൾ. 'സുബോധം' (sanity) ഉള്ള അവസ്ഥയിൽ നാം അറിയുന്നതാണ് 'യാഥാർത്ഥ്യം' (reality). പക്ഷേ, എന്താണ് യാഥാർത്ഥ്യം? സാധാരണഗതിയിൽ മാതാപിതാക്കളും, മതാധികാരികളും സർക്കാരും, നാട്ടുകാരും കൂട്ടുകാരും ചേർന്ന് ഉണ്ടാകുന്ന ഒരു സാമൂഹിക ധാരണ സമന്വയമാണത്. കുട്ടിയുടെ ബാലിശമായ ചിന്തകളെ മുതിർന്നവരുടെ 'പക്വമായ' ലോകത്തിലേക്ക് റിയാലിറ്റി പ്രിൻസിപ്പിൾ അനുസരിച്ച് ക്രമേണ ആവാഹിച്ച് ഉറപ്പിക്കുന്നു. അവർ യാഥാർത്ഥ്യബോധമുള്ളവരായിത്തീരുന്നു. 'നോർമൽ' എന്നു നാം ഇംഗ്ലീഷിൽ വിശേഷിപ്പിക്കുന്ന മാനസികാവസ്ഥയാണ് ഇത്.


ഫ്രോയിഡ്

എന്നാൽ, ശിശുവിന്റെ തലത്തിൽ കാണുന്ന സുഖതത്ത്വം-പ്ലഷർ പ്രിൻസിപ്പിൾ ഇതിന് വിരുദ്ധമാണ്. അതായത് സഹജമായ ആഗ്രഹങ്ങളെ ഉടനടി യാതൊരു തടസ്സവും കൂടാതെ സാധിക്കണമെന്നുള്ള നിർബന്ധമാണ്. വിശപ്പിനും വിസർജ്ജനത്തിനും എപ്പോഴോ എവിടെയോ എന്നുനോക്കേണ്ട കാര്യമില്ല. കുട്ടി വളരുന്ന മുറക്ക് തന്റെ സഹജമായ ആവശ്യങ്ങൾ നിറവേറ്റാൻ തടസ്സങ്ങൾ ഉണ്ടെന്നും, ആ തടസ്സങ്ങൾക്ക് യുക്തിസഹമായ കാരണങ്ങൾ ഉണ്ടെന്നും മനസ്സിലാക്കി പെരുമാറി തുടങ്ങുമ്പോഴാണ് യാഥാർത്ഥ്യബോധം, അഥവാ സുബോധം പൂർണ്ണമാകുന്നത്.

സുനിശ്ചിതവും സാർവ്വലൗകികവുമായി കരുതപ്പെട്ട ഈ 'സുബോധ' തത്ത്വത്തിന് കനത്ത അടിയേൽക്കുന്നത് യൂറോപ്പിൽ നടന്ന രണ്ട് മഹായുദ്ധങ്ങളിലൂടെയാണ്. അവിടെ സമൂഹത്തിനു മുഴുവൻ ഭ്രാന്തു പിടിച്ചു.

ഉപജാപകോന്മാദം (Collusive madness) എന്ന് റൊസ്സാക് വിശേഷിപ്പിക്കുന്ന ഏറ്റവും അപകടകാരിയായ ഒന്നാണ് ഈ സമൂഹഭ്രാന്ത്. വ്യക്തിയുടെ ഭ്രാന്ത് അടുത്തുള്ളവർക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കാം. എന്നാൽ, ഒരു സമൂഹം മുഴുവനും ചേർന്ന് ഏറ്റം ജുഗുപ്സാവഹങ്ങളായ കുറ്റകൃത്യങ്ങളും വംശഹത്യയും ആസൂത്രണം ചെയ്തിട്ടും അത് നോർമൽ ആണെന്നും സുബോധമാണെന്നും പറയുകയും ചെയ്യുമ്പോൾ അതിനെ എങ്ങിനെ ചികിത്സിക്കും എന്നതാണ് ചോദ്യം. പരിഷ്കൃതരെന്ന് അഭിമാനിച്ച ജർമ്മൻ ജനത ഏതാണ്ട് ഒന്നടങ്കം ഹിറ്റ്ലറിന്റെ ഭരണകാലത്ത് പൈശാചികമായ ഉന്മാദത്തിന് വിധേയമാകുന്നത് നാം കണ്ടു.

മലയാളത്തിൽ 'ചങ്ങലയ്ക്ക് ഭ്രാന്ത് പിടിക്കുക' എന്നൊരു പ്രയോഗമുണ്ടല്ലോ. ആനയ്ക്ക് ഭ്രാന്തുപിടിച്ചാൽ ചങ്ങലയിടാം. ചങ്ങലയ്ക്ക് ഭ്രാന്തുപിടിച്ചാലോ? ആനയുടെ സുബോധത്തിനും അച്ചടക്കത്തിനും യാഥാർത്ഥ്യബോധത്തിനും മാനദണ്ഡമോ ഉപാധിയോ നിയന്ത്രണരേഖയോ ആണ് ചങ്ങല.

ഇതുതന്നെയാണ് റൊസ്സാക്ക് ഉയർത്തുന്ന ചോദ്യവും ഫ്രോയിഡിയൻ സൈക്കോ അനാലിസിസിന്റെയും ആധുനിക മന:ശാസ്ത്രത്തിന്റെയും എല്ലാ സിദ്ധാന്തങ്ങളെയും മൗലികധാരണകളെയും തകർത്തുകളയുന്ന കാഴ്ചകളാണ് ഹിറ്റ്ലറുടെ ഏറ്റവും വലിയ കോൺസെൻട്രേഷൻ ക്യാമ്പായ പോളണ്ടിലെ ഓഫ് വിറ്റ്സ്-ബിർക്കിനവു ദർശിച്ചത്. പാശ്ചാത്യ ശാസ്ത്രത്തിന്റെ യുക്തിയും ജർമ്മൻ സംഘടനാ വൈഭവത്തിന്റെ പാരമ്യതയും നാസി പ്രത്യയശാസ്ത്രത്തിന്റെ സുവ്യക്തതയും അവിടെ തികഞ്ഞിരുന്നെങ്കിലും അത് മനുഷ്യചരിത്രത്തിലെ പൈശാചികമായ നരകമായി മാറി. ഇരുപതാം നൂറ്റാണ്ടിൽ നമ്മുടെ കണ്ണിനു മുമ്പിൽ..

തികച്ചും ഒരു ഭൗതികവാദിയായിരുന്നു ഫ്രോയിഡ്. അതുകൊണ്ട് മനുഷ്യന്റെ ഭൗതികാവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽ നിൽക്കുന്ന മനസ്സിനെക്കുറിച്ചാണ് അദ്ദേഹം പ്രധാനമായും പഠിച്ചത്. "ശരീരത്തോടുള്ള ബന്ധത്തിന്റെ അനന്തരഫലമായി മനസ്സിനുണ്ടാകുന്ന അനുഭവങ്ങളാണ്" സൈക്കോ അനാലിസിസിന്റെ അന്വേഷണ വിഷയമായി ഫ്രോയിഡ് കണ്ടത്. ശരീരത്തിന്റെ ചോദനകളും സഹജവാസനകളും ഇവിടെ സുപ്രധാനമാണ്. ജീവശാസ്ത്രപരമായ പരിണാമത്തിന്റെ ചരിത്രത്തിൽ മനുഷ്യനെയും മറ്റു ജന്തുക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് Instinct എന്ന് വിളിക്കപ്പെടുന്ന സഹജവാസന. മനസ്സിന്റെയും അതിന്റെ ജന്മവാസനകളുടെയും വേരുകൾ അന്വേഷിച്ച് ചെല്ലുമ്പോൾ ചേതനയറ്റ ഇരുണ്ട പ്രപഞ്ചമാണ് ഫ്രോയിഡ് കണ്ട പശ്ചാത്തലം. യാതൊരു പ്രതിസ്പന്ദനവും ഊഷ്മളതയുമില്ലാത്ത ഇത്തരമൊരു ജഡമയമായ പ്രപഞ്ചത്തിൽ മനുഷ്യന്റെ സൈക്കി ഒറ്റപ്പെട്ടു നിൽക്കുന്ന അനുഭവമാണ് ഫ്രോയിഡിനുണ്ടായത്. മനോരോഗ വിശകലനത്തിലും ചികിത്സയിലും ഈ ബാഹ്യപ്രപഞ്ചം കൊണ്ട്


കാൾ യുങ്

പ്രയോജനമില്ല എന്ന നിലപാടാണ് ഫ്രോയിഡ് എടുത്തത് എന്ന് റൊസ്സാക്ക് സൂചിപ്പിക്കുന്നു. അതുകൊണ്ട് മനസ്സിന്റെ ഉള്ളറയ്ക്കുള്ളിൽത്തന്നെ തന്റെ അന്വേഷണങ്ങളും അപഗ്രഥനങ്ങളും ഫ്രോയിഡ് ഒതുക്കി. ഘടനാപരമായി ഇഡ്, ഈഗോ, സൂപ്പർ ഈഗോ, എന്നിവയുടെ യുദ്ധക്കളത്തിൽ അദ്ദേഹം സംവിധാനം ചെയ്ത വൈയക്തിക മനസ്സിന്റെ അകത്തളങ്ങളിൽനിന്ന് ശിഷ്യന്മാരായ പിൽക്കാല മന:ശാസ്ത്രജ്ഞന്മാർ മോചനം തേടുന്നുണ്ട്. കുടുംബം, സമൂഹം, സംസ്കാരം, തുടങ്ങിയ കൂടുതൽ വിശാലമായ പശ്ചാത്തലത്തിൽ മാനസിക വിഭ്രാന്തികളെ പഠിക്കാനും ചികിത്സിക്കാനുമുള്ള സന്നദ്ധത ഇരുപതാം നൂറ്റാണ്ടിലെ വിവിധ മനോരോഗചികിത്സാ സിദ്ധാന്തങ്ങളെ വിശേഷിപ്പിക്കുന്നു എന്ന് റൊസ്സാക്ക് നിരീക്ഷിക്കുന്നു. പക്ഷേ, ഇവിടെയും നിയോ ഫ്രോയിഡിയനിസം നാഗരിക വ്യാവസായിക സംസ്കാരത്തിന്റെ നാലതിരുകൾക്ക് ഉള്ളിൽത്തന്നെയാണ്. കൂടുതൽ വിശാലമായ പ്രാപഞ്ചിക പരിസ്ഥിതിയെക്കുറിച്ചു ആ സംസ്കാരത്തിൽ നിലനിൽക്കുന്ന അജ്ഞത പുതിയ സൈദ്ധാന്തികരും പങ്കുവയ്ക്കുന്നു. അതുകൊണ്ട് ആത്മാവും മനസ്സും ശരീരവും ഒരുമിച്ച് വേരോടിച്ചിരിക്കുന്ന ജൈവഭാവമുള്ള വിശാല പരിസ്ഥിതിയെ അവർ കണക്കിലെടുക്കുന്നില്ല.

ഇക്കോ സൈക്കോളജി എന്നൊരു മേഖലയെക്കുറിച്ചു ചിന്തിക്കാൻ തന്നെ കാരണം, ഇപ്പോഴത്തെ ആഗോള പരിസ്ഥിതി പ്രതിസന്ധിയാണ്. മനുഷ്യസമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഗൗരവമായ മനോരോഗത്തിന്റെ ലക്ഷണമാണ് നമ്മുടെ പരിസ്ഥിതി പ്രശ്നം. ഉപഭോഗ സംസ്കാരം സൃഷ്ടിക്കുന്ന ലോകത്തെ നോർമൽ എന്നും യാഥാർത്ഥ്യം എന്നുമാണ് മിക്ക മനുഷ്യരും കരുതുന്നത്. അല്ലെങ്കിൽ അങ്ങനെ കരുതാൻ മനുഷ്യർ പരിശീലിപ്പിക്കപ്പെടുകയാണ്.

ഫ്രോയിഡിന്റെ ചിന്തയിലെ മനുഷ്യവ്യക്തിയുടെ അബോധതലം പോലെ ഇന്ന് മനുഷ്യരാശിയുടെ പൊതുവായ അബോധതലമുണ്ട്. അതാണ് 'ഇക്കോളജിക്കൽ അൺകോൺഷ്യസ്' (Ecological Unconscious) എന്ന് റൊസ്സാക്ക് വിശേഷിപ്പിക്കുന്നത്. പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള മനുഷ്യവർഗ്ഗത്തിന്റെ സഹജമായ ആഗ്രഹങ്ങൾ അവിടെ അടിച്ചമർത്തപ്പെട്ട് കിടപ്പുണ്ട്. ഈ അടിച്ചമർത്തൽ ആണ് മനുഷ്യരാശിയുടെ പുതിയ വിഭ്രാന്തികൾക്കു കാരണം. അതിനെ ഉചിതമായ വിധം നമ്മുടെ പൊതു ബോധത്തിൽ തിരിച്ചറിയുന്നതാണ് സുബോധത്തിന്റെയും സൗഖ്യത്തിന്റെയും ആദ്യപടി. അതുകൊണ്ട് നമ്മുടെ ആഗോളസംസ്കാരത്തിന്റെ സൈക്കോ അനാലിസിസ് നടത്തുകയാണെങ്കിൽ അതിന്റെ രോഗലക്ഷണങ്ങൾ പാരിസ്ഥിതികമാണ് എന്ന് കാണാം.

രോഗസൗഖ്യത്തിന്റെ രഹസ്യവും പരിസ്ഥിതിയുടെ അബോധമണ്ഡലത്തിലാണ്. പുതിയ ഒരു റിയാലിറ്റി പ്രിൻസിപ്പിൾ നമുക്കാവശ്യമായിവരുന്നു. ഫ്രോയിഡിന്റെ ശിശുമന:ശാസ്ത്രത്തിലെ സുഖതത്ത്വം പോലെ

മനുഷ്യവർഗ്ഗം അതിന്റെ വ്യാവസായിക-ഉപഭോഗ സംസ്കാരത്തിലൂടെ ആഗ്രഹങ്ങളുടെ തൽക്ഷണ നിവൃത്തി തേടുകയാണ്. അത്തരം ഉടൻ സുഖം മനുഷ്യർക്ക് നൽകാൻ ശാസ്ത്രവും സാങ്കേതിക വിദ്യയും സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥകളും കിണഞ്ഞു പരിശ്രമിക്കുന്നു. അങ്ങനെ നേടുന്ന സുഖമാണ് യാഥാർത്ഥ്യം എന്ന് എല്ലാ വശങ്ങളിൽ നിന്നും നമുക്ക് സന്ദേശം ലഭിക്കയും ചെയ്യുന്നു. ഈ യാഥാർത്ഥ്യ മാതൃകയെ ആണ് നാം വിമർശനപൂർവ്വം പരിശോധിച്ച് തിരുത്തേണ്ടത്. കാരണം ഈ മാതൃക ആത്യന്തികമായി സുസ്ഥിരമോ സുഭദ്രമോ (sustainable) അല്ല.

## സുബോധത്തിന്റെ വേരുകൾ

മനുഷ്യനും മനുഷ്യേതരമായ പ്രപഞ്ചവും തമ്മിലുള്ള സന്തുലിതമായ ബന്ധം വീണ്ടെടുക്കുന്നതിലൂടെ മാത്രമേ മനുഷ്യവർഗ്ഗത്തിന് ആരോഗ്യപൂർണ്ണമായ സുബോധം കൈവരികയുള്ളു എന്ന തന്റെ പ്രമേയം തെളിയിക്കാനായി റൊസ്സാക്ക് ഇന്നത്തെ പ്രമുഖമായ എല്ലാ ആശയസംവാദങ്ങളിലൂടെയും കടന്നുപോകുന്നുണ്ട്. ശിലായുഗമനുഷ്യന്റെ മനോരോഗങ്ങളും അതിന്റെ ചികിത്സയും എന്തായിരുന്നിരിക്കാം എന്ന് സങ്കല്പിച്ചു തുടങ്ങുന്നു. രോഗാതുരമായ ഭ്രാന്തും ദിവ്യവരപ്രസാദമായ ഭ്രാന്തും തമ്മിൽ തിരിച്ചറിയാനുള്ള വിവേകം പുരാതന ഗോത്രവംശങ്ങളിലുണ്ടായിരുന്നു എന്നാണ് വാദം. വലിയ പ്രതിഭാശാലികളായ ചില കലാകാരന്മാരെയും എഴുത്തുകാരെയും നാം ചിലപ്പോൾ ഭ്രാന്തരെന്ന് കരുതാറുണ്ടല്ലോ. വെളിവുള്ള ഭ്രാന്തരെയും നമുക്കറിയാം. നാറാണത്തു ഭ്രാന്തൻ വാസ്തവത്തിൽ വെളിവുള്ള ഭ്രാന്തനാണ്. ഭൂമിയെന്ന ഗ്രഹം ജീവനുള്ള പോലെ പ്രതിവർത്തിക്കുമെന്ന ആശയം പ്രചരിപ്പിക്കുന്ന ഗൈയാ സിദ്ധാന്തം, ആർനെ നെസ്സിന്റെ ഡീപ് ഇക്കോളജി, ജീവശാസ്ത്രത്തിലും ജനിതക ഗവേഷണത്തിലും ജീവന്റെ അഖണ്ഡതയെക്കുറിച്ച് അടുത്തകാലത്തുണ്ടായ ഉൾക്കാഴ്ചകൾ, പുതിയ ഫിസിക്സിൽ ദ്രവ്യവസ്തുവിന്റെ സ്വഭാവത്തെക്കുറിച്ച് ക്വാണ്ടം തലത്തിലുള്ള അന്വേഷണങ്ങളും കണ്ടെത്തലുകളും, പാരിസ്ഥിതികമായ ഉട്ടോപ്യകൾ, ദാർശനിക വീക്ഷണങ്ങൾ എന്നിവയെല്ലാം ഇക്കോ സൈക്കോളജിയുടെ മുഖ്യപ്രമേയത്തിന് പിന്തുണയായി റൊസ്സാക്ക് ഉദ്ധരിക്കുന്നുണ്ട്. ചുരുക്കത്തിൽ ആധുനിക മന:ശാസ്ത്രം അതിന്റെ ആത്മാവിനെ തേടുന്നതിനെക്കുറിച്ചാണ് റൊസ്സാക്ക് ആവേശഭരിതനായി സംസാരിക്കുന്നത്.

ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിന്റെ തത്ത്വം ഫ്രോയിഡ് സ്വീകരിക്കുന്നുണ്ട്. മനസ്സും ബോധവും ഭൗതികമായ അടിസ്ഥാനത്തിൽ നിന്ന് പരിണമിച്ചുണ്ടായതാണ് എന്ന് എല്ലാ ഭൗതികവാദികളെയും പോലെ ഫ്രോയിഡും കരുതിയിരുന്നു. അതേ തത്ത്വം തന്നെ ഉപയോഗിച്ച് റൊസ്സാക്ക് പറയുന്നത്, മനുഷ്യ പരിണാമത്തിന് പ്രപഞ്ചത്തോളം തന്നെ ചരിത്രമുണ്ടെന്നാണ്. 'ഇക്കോളജിക്കൽ അൺകോൺഷ്യസ്' എന്ന ആശയം എടുത്താൽ അതിന്റെ പുറകിൽ ദീർഘമായ പ്രപഞ്ചപരിണാമത്തിന്റെ മുദ്രകൾ കണ്ടെത്താനാവും. ഒരു വ്യക്തിയുടെ സൈക്കോ അനാലിസിസിലൂടെ, അയാളുടെ അബോധമണ്ഡലത്തിലേക്കാണ് മനോവിശ്ലേഷകൻ പ്രവേശിക്കുന്നത്. ഇതുപോലെ മനുഷ്യസമൂഹത്തിന്റെയോ സംസ്കാരത്തിന്റെയോ സൈക്കോ അനാലിസിസ് നടത്തിയാൽ നാം പ്രവേശിക്കുന്നത് പരിസ്ഥിതിയുടെ ആഴമായ പരിണാമസങ്കീർണ്ണതയിലേക്കാണ്. അതായത് പ്രപഞ്ചപരിണാമത്തിന്റെ മുഴുവൻ ചരിത്രത്തിലേക്കും. അതിവഗാഢവും അതിബൃഹത്തുമായ ഈ പാരിസ്ഥിതികമാനം കണ്ടെത്തുമ്പോഴാണ് മന:ശാസ്ത്രം അതിന്റെ ആത്മാവിനെ കണ്ടെത്തുന്നത്.

റൊസ്സാക്കിന്റെ രചനകളിൽ പൊതുവെ കാണുന്ന കാൽപ്പനികമായ ആവേശം ഇക്കോ സൈക്കോളജിയിലും ധാരാളമുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ സാംസ്കാരിക വിമർശനത്തിലൂടെ ഉരുത്തിരിയുന്ന ഉൾക്കാഴ്ചകൾ സർവ്വതലസ്പർശിയാണ്. പുതിയൊരു പ്രപഞ്ചദർശനത്തിന്റെ ഒളിമിന്നൽ നമ്മുടെ ചിന്തകളെ പ്രകാശിപ്പിക്കുന്നു.

പാശ്ചാത്യരുടെ മുഖ്യധാരാ ചിന്തയിൽ ഇന്നും പ്രബലമായി നിൽക്കുന്ന ദ്വൈതചിന്ത-മനുഷ്യനെയും പ്രകൃതിയെയും തമ്മിൽ വിരുദ്ധ ധ്രുവങ്ങളിലാക്കുന്ന വിഘടനവാദം - റൊസ്സാക്കിനെപ്പോലെയുള്ള ചിന്തകരെ പ്രകോപിപ്പിക്കുന്നു.

സമസ്ത യാഥാർത്ഥ്യത്തെയും ഒന്നായിക്കാണാനുള്ള ആഴമായ അഭിനിവേശം പല വിജ്ഞാനശാഖകളിലുമുണ്ട്. പക്ഷേ, മുഖ്യധാരാശാസ്ത്രത്തിന്റെ പൊതുരീതി വിശ്ലേഷണവും അപഗ്രഥനവുമായതുകൊണ്ട് സംശ്ലേഷണ ചിന്തകൾക്ക് വലിയ ശാസ്ത്രീയ സാധ്യത ലഭിക്കുന്നില്ല എന്നുപറയാം. പുതിയ ഫിസിക്സിലെ സർവ്വതല സിദ്ധാന്തം (Theory of Everything), ബയോളജിയിൽ ജനിതക പാരമ്പര്യത്തിന്റെ നൈരന്തര്യം, വൈദ്യശാസ്ത്രത്തിൽ മനസ്സും ശരീരവും ഉൾപ്പെടുന്ന സമഗ്ര സങ്കൽപ്പം തുടങ്ങിയവ എല്ലാം വിരൽചൂണ്ടുന്നത് വിശാലമായ ഒരു ഏകീഭാവത്തിലേക്കാണ്. ദാർശനികമായി പറഞ്ഞാൽ, ദ്വൈതത്തിനും അദ്വൈതത്തിനും ഇടയിൽ എവിടെയോ ആണ് ഇവയുടെ നില. പക്ഷേ, അങ്ങനെയൊരു നിലപാടിനെക്കുറിച്ച് നമുക്ക് ദാർശനിക നിർവചനമൊന്നും ലഭിച്ചിട്ടില്ല. ശാസ്ത്രീയസാധുതയും ഇപ്പോൾ കിട്ടുകയില്ല.

മനുഷ്യമനസ്സിനെ പ്രപഞ്ചത്തിന്റെ വിശ്വവിശാലതയിലേക്ക് തുറക്കാനും ഇപ്പോഴത്തെ സംസ്കാരത്തിന്റെ സമൂഹഭ്രാന്തിനെ പാരിസ്ഥിതികമായ അബോധത്തിന്റെ തലത്തിൽ ചികിത്സിക്കാനുള്ള റൊസ്സാക്കിന്റെ ശ്രമം കാണുമ്പോൾ നമുക്കു സ്വാഭാവികമായും ഓർമ്മ വരുന്നത് ഭാരതീയ മന:ശാസ്ത്രത്തിലെ പഞ്ചകോശ സിദ്ധാന്തമാണ്. അന്നമയ കോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയ കോശം, ആനന്ദമയകോശം എന്നിവ ആത്മബോധത്തിന്റെ അനസ്യൂതമായ ആവരണങ്ങളാണ്. ആത്മബോധത്തിൽനിന്ന് ക്രമേണ സൂക്ഷ്മതലങ്ങളിലൂടെ സ്ഥൂലപ്രപഞ്ചത്തിലേക്കാണ് ഈ ആവരണവികാസം സംഭവിക്കുന്നത്. അല്ലാതെ പാശ്ചാത്യ ചിന്തയിൽ കാണുന്നതുപോലെ ഭൗതികതലത്തിന്റെ സ്ഥൂലതയിൽനിന്ന് ക്രമേണ മനസ്സിന്റെ അതിസൂക്ഷ്മതലങ്ങളിലേക്കല്ല ഇവിടെ പരിണാമം. വിസ്മയകരമായ ഒരു ഇക്കോസൈക്കോളജിയാണ് പഞ്ചകോശ സിദ്ധാന്തത്തിൽ നമുക്ക് കണ്ടെത്താവുന്നത്. ഇത് നമ്മുടെ ചിന്തകൾക്ക് പുതിയ മേച്ചിൽപ്പുറങ്ങൾ നൽകുന്നു.■

○

സുകുമാർ അഴീക്കോട് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടത്തിയ 'ആധുനിക വിചാരശില്പികൾ' പരമ്പരയിലെ പ്രഭാഷണം. frkmgeorge@hotmail.com